(ജി) നാട്പാക് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(എച്ച്) ഉണ്ട്.

(ഐ) നാട്പാകിന്റെ വിദഗ്ദ്ധ അഭിപ്രായം ആരായുകയും അവരുടെ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഇതു സംബന്ധിച്ച് വിശദമായി പഠിച്ചുകൊണ്ടിരിക്കുകയാണ്.

(ജെ) ഈ കാര്യത്തിൽ വിവിധ ജില്ലകളിലെ വിവിധ ആർ.ടി.എ. കൾ വിവിധ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്.

(കെ) തീരുമാനങ്ങൾ ഏകീകരിക്കുന്നതിനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമല്ല. പരാതിയുള്ളപക്ഷം എസ്. ടി. എ., ടി. എ.യോ, ബഹു. ഹൈക്കോടതിയെയോ സമീപിക്കാവുന്നതാണ്.

തൃത്താല മണ്ഡലത്തിലൂടെയുള്ള കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ്

61 [3575] *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്, പൊന്നാനി, തൃശ്ശൂർ, ഗുരുവായൂർ ഡിപ്പോകളിൽ നിന്നായി തൃത്താല അസംബ്ളി മണ്ഡലത്തിലൂടെ സർവ്വീസ് നടത്തിയിരുന്ന കെ.എസ്.ആർ. ടി.സി. ബസ്സുകൾ എത്ര;

(ബി) ഇപ്പോൾ എത്ര സർവ്വീസുകൾ നിലവിലുണ്ട്;

(സി) മറ്റു ബസ്സുകൾ നിർത്തൽ ചെയ്യാൻ കാരണമെന്ത് എന്ന് അറിയിക്കാമോ;

(ഡി) അവ പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 30 സർവ്വീസുകൾ നടത്തിയിരുന്നു.

(ബി) 28 സർവ്വീസുകൾ നിലവിലുണ്ട്.

(സി) വരുമാനം തീരെ കുറവായതിനാലാണ് നിർത്തൽ ചെയ്യേണ്ടി വന്നത്.

(ഡി) ഇക്കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

കണ്ണൂർ-നാദാപുരം റൂട്ടിൽ കെ.എസ്.ആർ.ടി.സി. ബസ് അനുവദിക്കാൻ നടപടി

62 [3576] *ശ്രീ. കെ. വി. മോഹനൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് ഈ വർഷം കെ.എസ്.ആർ.ടി.സി. പുതിയ ബസ് റൂട്ട് അനുവദിച്ചിട്ടുണ്ടോ; ഏതെല്ലാം റൂട്ടിലാണെന്ന് വിശദമാക്കുമോ;

(ബി) കണ്ണൂർ ജില്ലയിലെ കണ്ണൂർ-കോപ്പാലം, പാനൂർ, പാറത്തായി, കടവത്തൂർ, പാറക്കടവ്-നാദാപുരം റൂട്ടിൽ പുതിയ കെ.എസ്.ആർ.ടി.സി. ബസ് അനുവദിക്കണമെന്ന് സ്ഥലം എം.എൽ.എ. നൽകിയ നിവേദനത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്നും എപ്പോൾ പുതിയ ബസ് ഓടി തുടങ്ങുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) പ്രൈവറ്റ് ബസ്സുകൾ യഥേഷ്ടം സർവ്വീസ് നടത്തുന്ന ടി റൂട്ടിൽ പുതിയ ബസ് സർവ്വീസ് തുടങ്ങുന്നത് കെ.എസ്.ആർ.ടി.സി. ക്ക് ഗുണകരമായിരിക്കില്ല. ആയതിനാൽ ഇക്കാര്യം ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല.

തൊട്ടിൽപ്പാലം കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയിൽ നിന്നുള്ള പ്രതിമാസ വരുമാനം

63 [3577] *ശ്രീ. ബിനോയ് വിശ്വം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലം തൊട്ടിൽപ്പാലം കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയിൽ പ്രതിമാസം ശരാശരി എത്ര രൂപയുടെ വരുമാനം ലഭിക്കാറുണ്ട്;

(ബി) പ്രതിദിനം എത്ര ബസ്സുകൾ ഡിപ്പോയിൽനിന്നും സർവ്വീസ് നടത്തുന്നുണ്ടെന്ന് അറിയിക്കാമോ;

(സി) കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയിൽ ഡീസൽ ടാങ്ക് നിർമ്മിക്കുന്നതിന് ലഭിച്ചിട്ടുള്ള അപേക്ഷയിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) എല്ലാ നടപടിക്രമങ്ങളും പൂർത്തിയായിട്ടും ഡിപ്പോയിൽ ഡീസൽ ടാങ്ക് നിർമ്മിക്കാൻ വൈകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2005 ജൂലൈ മാസത്തെ കണക്കനുസരിച്ച് തൊട്ടിൽപ്പാലം കെ.എസ്. ആർ. ടി.സി. ഡിപ്പോയിലെ ശരാശരി വരുമാനം 1,00,100 രൂപ ആകുന്നു.

(ബി) 2005 ജൂലൈ മാസത്തെ കണക്കനുസരിച്ച് തൊട്ടിൽപ്പാലം കെ.എസ്. ആർ.ടി.സി. ഡിപ്പോയിൽ പ്രതിദിനം 21 ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്.

(സി) കോഴിക്കോട് ജില്ലാ കളക്ടറുടെ അനുമതി ലഭിച്ചിട്ടുണ്ട്.

(ഡി) എല്ലാ നടപടികളും പൂർത്തിയായിട്ടില്ല. നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ഡീസൽ ടാങ്ക് സ്ഥാപിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly